

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ



## 26. രണ്ടാം ലോകമഹായുദ്ധം

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

26 രണ്ടാം ലോകമഹായുദ്ധം . . . . . . . . . . . . . . . . . . 1

# 26

## രണ്ടാം ലോകമഹായുദ്ധം

യുദ്ധമാരംഭിച്ച് ഏതാണ്ട് മണിക്കൂറുകൾക്കുള്ളിൽ വൈസ്രോയി ഇൻഡ്യയുടെ സമ്മതം നോക്കാതെ തന്നെ ഇൻഡ്യ ബ്രിട്ടീഷ് ഗവണ്മെൻറിന്റെ ഭാഗത്ത് യുദ്ധം ചെയ്യുന്ന രാജ്യമാണെന്ന് പ്രഖ്യാപിച്ചു. അതിനെത്തുടർന്നുകൊണ്ട് രാജ്യരക്ഷാനിയമവും മറ്റു മർദ്ദനനിയമങ്ങളും പാസ്സാക്കി ബ്രിട്ടീഷ് സാമ്രാജ്യത്തിന് എതിരായ ഏതൊരു ചെറിയ നടപടിയേയും നിഷ്ഠുരമായി അടിച്ചമർത്താനുള്ള ആയുധങ്ങൾക്ക് മൂർച്ചകൂട്ടി.

യുദ്ധത്തിനും സാമ്രാജ്യാധിപത്യത്തിനുമെതിരായി ഒരു ബഹുജനസമരം നയിക്കാൻ കമ്മ്യൂണിസ്റ്റുകാരും ചെറുപ്പക്കാരായ മറ്റനവധി കാൺഗ്രസ്സുകാരും കാൺഗ്രസ്സ് നേതൃത്വത്തോട് അഭ്യർത്ഥിച്ചു.

സെപ്റ്റംബർ 14-ാം തീയതി കാൺഗ്രസ്സ് പ്രവർത്തക കമ്മിറ്റി യോഗം കൂടുകയും "സാമ്രാജ്യ മാർഗ്ഗങ്ങളിലൂടെ നടത്തുന്നതും ഇൻഡ്യയിലും മറ്റു പലേടത്തും സാമ്രാജ്യത്തെ കൂടുതൽ ഉറപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ ഒരു യുദ്ധവുമായി ഈ കമ്മിറ്റിക്ക് ബന്ധപ്പെടുകയോ സഹകരിക്കുകയോ സാദ്ധ്യമല്ലെന്ന്" പ്രഖ്യാപിക്കുകയും ചെയ്തു. "ജനാധിപത്യം, സാമ്രാജ്യാധിപത്യം എന്നിവയെ സംബന്ധിച്ചിടത്തോളം തങ്ങളുടെ യുദ്ധലക്ഷ്യങ്ങൾ എന്താണെന്ന് ബ്രിട്ടീഷ് ഗവണ്മെൻറ് അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിക്കണ" മെന്ന് കാൺഗ്രസ്സ് ആവശ്യപ്പെട്ടു. "സാമ്രാജ്യത്വത്തെ അവസാനിപ്പിക്കുകയും ജനങ്ങളുടെ സ്വന്തം ഇഷ്ടമനുസരിച്ച് നയം രൂപവൽക്കരിക്കാനവകാശമുള്ള ഒരു സ്വതന്ത്രരാജ്യമായി ഇൻഡ്യയെ കണക്കാക്കുകയും ആ ലക്ഷ്യങ്ങളിൽ ഉൾപ്പെടുമോ?" എന്ന് കോൺഗ്രസ്സ് ചോദിച്ചു. ഈ ചോദ്യത്തിന് അനുകൂലമായ മറുപടി കിട്ടിയാൽ യുദ്ധത്തിൽ ബ്രിട്ടനെ സഹായിക്കാമെന്നും അവർ വ്യക്തമാക്കി.

ബ്രിട്ടീഷ് ഗവണ്മെൻറ് നിഷേധരൂപത്തിലാണ് മറുപടി പറഞ്ഞത്. ഈ മറുപടിയിൽ പ്രതിഷേധിച്ച് 1939 ഒക്ടോബറിൽ എല്ലാ കാൺഗ്രസ്സ് മന്ത്രിമാരും രാജിവച്ചു.

1940-ന്റെ ആരംഭത്തിൽ ഇൻഡ്യക്ക് സ്വാതന്ത്ര്യം നൽകുമെന്ന് സമ്മതിക്കുകയും കേന്ദ്രത്തിൽ ഒരു താൽക്കാലിക ദേശീയ ഗവണ്മെൻറ് രൂപീകരിക്കുകയും ചെയ്താൽ യുദ്ധത്തിൽ സഹകരിക്കാൻ തയ്യാറാണെന്ന് കാൺഗ്രസ്സ് പ്രസ്താവിച്ചു. ഈ ആവശ്യത്തെയും ബ്രിട്ടീഷ് ഭരണാധികാരികൾ തള്ളിക്കളഞ്ഞു.ഫെബ്രുവരിയിൽ വൈസ്രോയിയെക്കണ്ടുമടങ്ങിവന്നതിനുശേഷം ഗാന്ധിജി പറഞ്ഞു: "മാനവും സമാധാനപരവുമായ ഒരു ഒത്തുതീർപ്പിന് യാതൊരു മാർഗ്ഗവുമില്ല."

1940-ൽ ആദ്യം പൂനയിൽവച്ചും പിന്നീട് സെപ്റ്റംബർ മാസത്തിൽ ബോംബെയിൽവച്ചും കൂടിയ അഖിലേൻന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ യോഗങ്ങളിൽവച്ച് ഉടൻതന്നെ സാമ്രാജ്യാധിപത്യത്തിനും യുദ്ധത്തിനും എതിരായ ഒരു ബഹുജനസമരം ആരംഭിക്കണമെന്ന് കമ്മ്യൂണിസ്റ്റ് അംഗങ്ങൾ ആവശ്യപ്പെട്ടു. പക്ഷേ, അവരുടെ പ്രമേയങ്ങൾ തള്ളിപ്പോകുകയാണ് ഉണ്ടായത്. സെപ്റ്റംബർ യോഗത്തിൽവച്ച് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഒരു വ്യക്തിസത്യാഗ്രഹം ആരംഭിക്കാൻ തീരുമാനിച്ചു. മഹാത്മാഗാന്ധിയിൽനിന്ന് സമ്മതം ലഭിക്കുന്നവർ മാത്രമേ സത്യാഗ്രഹം നടത്താൻ പാടുള്ളുവെന്നും തങ്ങൾ യുദ്ധത്തിന് എതിരാണ് എന്ന് പ്രഖ്യാപിക്കുക മാത്രമേ അവർ ചെയ്യാൻ പാടുള്ളുവെന്നും തീരുമാനിക്കപ്പെട്ടു.

പക്ഷേ, അപ്പോഴേയ്ക്കും നാട്ടിലെങ്ങും സാമ്രാജ്യവിരോധവും യുദ്ധവിരോധവും മൂർച്ചയിലെത്താൻ തുടങ്ങിയിരുന്നു. 1939 ഒക്ടോബർ 2-ാം തീയതി തന്നെ ബോംബെയിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ 90,000 തൊഴിലാളികൾ യുദ്ധത്തിനെതിരായി ഒരുദിവസത്തെ പണിമുടക്കം നടത്തി. 1940-ലെ 40 ദിവസം നീണ്ടുനിന്ന പണിമുടക്കത്തിൽ 1,50,000 തൊഴിലാളികൾ പങ്കെടുത്തു. കൃഷിക്കാരുടെയിടയിലും പ്രക്ഷോഭങ്ങൾ ആരംഭിച്ചു.

ഗവൺമെൻറ് മർദ്ദനങ്ങൾക്ക് മൂർച്ചകൂട്ടി. ആയിരക്കണക്കിനുള്ള കമ്മ്യൂണിസ്റ്റുകാരെയും ഇടതുപക്ഷക്കാരായ കോൺഗ്രസ്സുകാരെയും അറസ്റ്റു ചെയ്യുകയും വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കുകയും ചെയ്തു.

ഇൻഡ്യാസെക്രട്ടറി ആമറിപ്രഭുവിന്റെ നയത്തിൽ പ്രതിഷേധിക്കാൻവേണ്ടി 1940 സെപ്റ്റംബർ 15-ാം നു ഒരു മർദ്ദനപ്രതിഷേധദിനമായി കൊണ്ടാടണമെന്ന് ഇടതുപക്ഷ നേതൃത്വത്തിലുള്ള കേരള കോൺഗ്രസ്സ് കമ്മിറ്റി ആഹ്വാനം ചെയ്തു. അതനുസരിച്ച് മലബാറിലെ പല പ്രദേശങ്ങളിലും പ്രതിഷേധയോഗങ്ങൾ നടന്നു. പക്ഷേ, സമാധാനപരമായി നടന്ന ഈ പൊതുയോഗങ്ങളുടെ നേർക്ക് മൃഗീയമായ ആക്രമണങ്ങൾ അഴിച്ചുവിടപ്പെട്ടു. പലേടത്തും ലാത്തിച്ചാർജ്ജും വെടിവയ്പുമുണ്ടായി. തലശ്ശേരിയിൽ അബു, ചാത്തുക്കുട്ടി എന്നീ രണ്ടു യുവാക്കന്മാർ വെടികൊണ്ട് മരിച്ചു. മൊറാഴയിൽ ക്ഷുഭിതരായ ജനക്കൂട്ടവും പൊലീസും തമ്മിൽ ഏറ്റുമുട്ടുകയും ഒരു സബ്ഇൻസ്പെക്ടർ മരണമടയുകയും ചെയ്തു. അതു സംബന്ധിച്ചാണ് ശ്രീ. കെ.പി. ആർ. ഗോപാലൻ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടത്. ബഹുജനപ്രക്ഷോഭണങ്ങളുടേയും മഹാത്മാഗാന്ധിയുൾപ്പെടെയുള്ള പല നേതാക്കന്മാരുടേയും പരിശ്രമത്തിന്റെയും ഫലമായിട്ടാണ് അദ്ദേഹം തൂക്കുമരത്തിൽ നിന്നും രക്ഷപ്പെട്ടത്. എന്നാൽ പിന്നീട് കയ്യൂരിലുണ്ടായ ഏറ്റുമുട്ടൽ സംബന്ധിച്ച കേസ്സിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട നാലു ചെറുപ്പക്കാരനായ കൃഷിക്കാർ തൂക്കിക്കൊല്ലപ്പെടുകയാണ് ഉണ്ടായത്.

വലതുപക്ഷക്കാർ പ്രവർത്തക കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ച ആക്ഷേപങ്ങളെത്തുടർന്ന് 1940 ഒക്ടോബറിൽ ഇടതുപക്ഷക്കാരുടെ നേതൃത്വത്തിലായിരുന്ന കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റി പിരിച്ചുവിടപ്പെടുകയും നന്ദകോളിയരുടെ നേതൃത്വത്തിലുള്ള ഒരു അഡ്ഹോക് കമ്മിറ്റി നിയമിക്കപ്പെടുകയും ചെയ്തു.

1940 ഒക്ടോബറിൽത്തന്നെയാണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ വ്യക്തിസത്യാഗ്രഹം ആരംഭിച്ചത്. യുദ്ധവിരോധ മുദ്രാവാക്യങ്ങൾ വിളിച്ചുപറയുക എന്നതായിരുന്നു പരിപാടി. ഈ സത്യാഗ്രഹത്തിൽ പങ്കെടുത്ത പലരും അറസ്റ്റു ചെയ്യപ്പെട്ടു.

1941 ജൂൺമാസത്തിൽ ഹിറ്റ്ലർ സോവിയറ്റ് യൂണിയനെ ആക്രമിച്ചു. അതിന്റെ ഫലമായി യുദ്ധത്തിന്റെ സ്വഭാവത്തിൽ ഒരു മാറ്റം വന്നിരിക്കുന്നുവെന്നും അതേവരെ നടന്നുവന്ന സാമ്രാജ്യയുദ്ധം പുതിയ സംഭവവികാസങ്ങളുടെ ഫലമായി ഒരു ജനകീയയുദ്ധമായി മാറിയിരിക്കുന്നുവെന്നും ഇൻഡ്യൻ കമ്യൂണിസ്റ്റുപാർട്ടി ചൂണ്ടിക്കാണിച്ചു. കമ്യൂണിസ്റ്റുകാർ മാത്രമല്ല, ദീർഘദൃഷ്ടിയുള്ള ചില കോൺഗ്രസ്സ് നേതാക്കന്മാരും യുദ്ധത്തിന്റെ സ്വഭാവത്തിൽ വന്ന ഈ മാറ്റം മനസ്സിലാക്കുകയുണ്ടായി. ഉദാഹരണത്തിന്, 1941 ഡിസംബർ 8-ാം തീയതി പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു പറഞ്ഞു:

> "ഏതായാലും ഒരു കാര്യത്തിൽ സംശയമില്ല: ഇന്നുള്ള ചേരിതിരിച്ചിലിൽ ലോകത്തിലെ പുരോഗമനശക്തികളെല്ലാം റഷ്യയും, ചൈനയും, അമേരിക്കയും പ്രതിനിധീകരിക്കുന്ന വിഭാഗത്തിലാണ് അടുയുറപ്പിച്ചിട്ടുള്ളത്."

1942 ഏപ്രിൽമാസത്തിൽ അദ്ദേഹം വീണ്ടും പറഞ്ഞു: "എന്നാൽ നമ്മുടെ നിലയെ പരമമായി നിയന്ത്രിക്കുന്നത് ചില ചില കാര്യങ്ങളോട് നമുക്കുള്ള ആദർശപരമായ മമതയാണ്. അഞ്ചുകൊല്ലത്തെ യുദ്ധത്തിനുശേഷം ചൈനയ്ക്ക് തോൽവി പിണയുകയെന്ന കാര്യം ചിന്തിക്കാൻ സുഖമുള്ളതല്ല. മനുഷ്യത്വപരമായ ചില ചില മൂല്യങ്ങളെ പ്രതിനിധീകരിക്കുന്ന റഷ്യയ്ക്ക്, തോൽവി പിണയുകയെന്നകാര്യം ചിന്തിക്കാൻ സുഖമുള്ളതല്ല."

ബർദോളിയിൽവച്ച് 1941 ഡിസംബർ 30-ാം നു ചേർന്ന കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി ഇങ്ങനെ പ്രസ്താവിച്ചു:

> "ബ്രിട്ടന്റെ ഇൻഡ്യാനയത്തിൽ മാറ്റമൊന്നും വന്നിട്ടില്ലെങ്കിലും ഇന്നത്തെ പുതിയ ലോകനിലയെ—യുദ്ധം ഒരു ലോകവ്യാപിയായ പോരാട്ടമായിത്തീരുകയും അത് ഇൻഡ്യയെ സമീപിക്കുകയും ചെയ്തിട്ടുള്ളതിന്റെ ഫലമായി ഉളവായിട്ടുള്ള ഈ പരിതഃസ്ഥിതിയെ—വർക്കിംഗ് കമ്മിറ്റിക്ക് കാണാതിരിക്കാൻ നിവൃത്തിയില്ല."

1941 ഡിസംബർ 15-ാം നു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പൊളിറ്റ് ബ്യൂറോ ആംഗീകരിച്ച പ്രമേയത്തിൽ സാമ്രാജ്യയുദ്ധം ജനകീയയുദ്ധമായി മാറ്റിയിരിക്കുന്നു എന്ന് പ്രഖ്യാപിച്ചു. ഈ മാറ്റത്തിന്റെ അർത്ഥം വ്യക്തമാക്കിക്കൊണ്ട് കമ്മ്യൂണിസ്റ്റ്പാർട്ടി പ്രസിദ്ധം ചെയ്ത 'സ്വാതന്ത്ര്യത്തിലേയ്ക്ക് മുന്നോട്ട്' എന്ന ലഘുലേഖയിൽ ഇങ്ങനെ പറയുന്നു:

> "നമ്മുടെ ദേശീയപ്രസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ഏറ്റവും ശോഭനമായ ഒരു അവസരമാണിത്—ലോകസ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ഒരു പോരാട്ടത്തിൽ നമ്മുടെ ദേശീയ സ്വാതന്ത്ര്യത്തിന് വേണ്ടി നമുക്ക് പോരാടാം... നമ്മുടെ രാഷ്ട്രത്തിന്റെ ഭാവിഭാഗധേയങ്ങളെ സാമ്രാജ്യഹസ്തങ്ങളിൽ നിന്ന് തട്ടിയെടുക്കേണ്ടത് എങ്ങനെയാണ്? ഇന്നത്തെ ഗൗരവമേറിയ ആപൽഘട്ടത്തെ നേരിടേണ്ടത് എങ്ങിനെയാണ്? നമ്മുടെ നാടിന്റെ അഭിമാനാർഹമായ ലക്ഷ്യം സാധിക്കേണ്ടത് എങ്ങിനെയാണ്?—ഇതാണ് നമ്മുടെ എല്ലാ രാഷ്ട്രീയ കക്ഷികളേയും എല്ലാരാജ്യസ്നേഹികളേയും അഭിമുഖീകരിക്കുന്ന പാവനമായ പൊതുകർത്തവ്യം. സാമ്രാജ്യസ്വേച്ഛാപ്രഭുത്വത്തിന്റെ നേർക്ക് ഇൻഡ്യയുടെ ഐക്യത്തെയെടുത്ത് ആഞ്ഞെറിയുക മാത്രമാണ് ഇൻഡ്യാക്കാർക്കുള്ള ഏക പോംവഴിയെന്ന് കമ്മ്യൂണിസ്റ്റുപാർട്ടി പ്രഖ്യാപിക്കുമ്പോൾ അതിന്റെ അർത്ഥം പൊതുഉൽക്കണ്ഠയിൽ പാർട്ടിയും പങ്കാളിയാണെന്നാണ്: പൊതുദേശീയസംരംഭത്തെ താങ്ങാൻ പാർട്ടിയും അതിന്റെ തോൾകാണിക്കുന്നുവെന്നാണ്.".......

1941 ഡിസംബർ മാസത്തിൽ പ്രധാനപ്പെട്ട കോൺഗ്രസ്സ് നേതാക്കന്മാരെല്ലാം ജയിലിൽനിന്നു വിട്ടയയ്ക്കപ്പെട്ടു. വീണ്ടും ഒരൊത്തുതീർപ്പിന് വേണ്ടിയുള്ള പരിശ്രമങ്ങൾ തുടർന്നു.

ബ്രിട്ടീഷുകാർക്ക് യുദ്ധത്തിൽ അടിക്കടി പരാജയം നേരിട്ടുകൊണ്ടിരുന്ന ഒരു സന്ദർഭമായിരുന്നു അത്. 1941 മാർച്ച് 8-ാം തീയതി റംഗൂൺ ജപ്പാന്റെ കൈയിലായി. മൂന്നു ദിവസങ്ങൾക്കുശേഷം മാർച്ച് 11-ാം തീയതി കോൺഗ്രസ്സുമായി കൂടിയാലോചനകൾ നടത്താൻ വേണ്ടി സ്റ്റാഫോർഡ് ക്രിപ്സ് നിയമിക്കപ്പെട്ടു.

കൂടിയാലോചനകൾ നടന്നു. എന്നാൽ, യുദ്ധകാലത്ത് ഇൻഡ്യയിൽ ഒരു താൽക്കാലിക ദേശീയഗവൺമെൻറ് രൂപവൽക്കരിക്കണമെന്ന ആവശ്യമംഗീകരിക്കാൻ ക്രിപ്സ് തയ്യാറായില്ല. അതിന്റെ ഫലമായി കൂടിയാലോചനകൾ പൊളിഞ്ഞു.

സംഭവഗതികൾ വീണ്ടും അനിശ്ചിതത്വത്തിലേയ്ക്ക് നീങ്ങി: ആഗസ്റ്റുമാസം പുലർന്നു.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്ററചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8